കഥ: യാക്കൂട്ടിയ
രചന: ഉഷ സുധാകരൻ

ഇന്നലെ രാത്രി സുകുവേട്ടൻ ടി വിയിൽ ക്രിക്കറ്റ് കണ്ടിരുന്നത് കാരണം  ഉറക്കം ശരിയായില്ല. എന്നാണാവോ ക്രിക്കറ്റ് കളി തീരണത്. ഇക്കുറി ട്വന്റി ട്വന്റി ലോക കപ്പ് രോഹിത് ശർമ്മ കൈനീട്ടി വാങ്ങിക്കും ഉറപ്പുള്ള കാര്യാ എന്നൊക്കെ ഇടയ്ക്ക് പറയണത് കേൾക്കാം സുകുവേട്ടൻ.  ഉറക്കം കണ്ണില് പിടിച്ചു തുടങ്ങിയപ്പോഴല്ലേ "അമ്മമ്മേ വയറ് വേദനിക്കണൂ"ന്ന് പറഞ്ഞ് ചിന്നുമോൾ കരഞ്ഞത്.

പെട്ടെന്ന് പുറത്തൊരടിയും ചോദ്യവും " അല്ല വിജയേ, നീ പഠിക്കാൻ ഏതോ സ്കൂളിൽ പോണുണ്ടെന്ന് അന്റെ പേരക്കുട്ടി  പറഞ്ഞൂലോ നേരോ നുണയോ?"

"ഉണ്ട് പോണുണ്ട് ." പതിഞ്ഞ ശബ്ദത്തിൽ വിജയം മറുപടി പറഞ്ഞത് കേട്ട് " വിജയത്തിനിപ്പഴാ ഒരു പൂതി വന്നത് പഠിക്കാൻ. ഇനിയെന്തൊക്കെ പൂതിയാണാവോ? " എന്നും പറഞ്ഞ് പല്ല് മുഴുവൻ ഇളിച്ചു കാണിച്ചു കൊണ്ട് കണ്ടക്ടർ മണി ടിക്കറ്റ് നീട്ടി.

"അന്റെ ഭാര്യ ഇനിയും വന്നിട്ടില്ലേ മണീ, എന്താ ഇങ്ങള് രണ്ടാളും തെറ്റിലാ?" വിജയത്തിന്റെ മുഖത്തടിച്ച പോലത്തെ ചോദ്യത്തിന് ഉത്തരം പറയാതെ ടിക്കറ്റ് ടിക്കറ്റെന്നും പറഞ്ഞ് മണി പിൻവശത്തിരിക്കുന്ന ആളുകൾടെ അടുത്തേക്ക് പോയി.

ഇന്നലെ രാത്രി ഉറക്കം ശരിയാവാത്തതോണ്ട് തലക്കകം മുഴുവനൊരു  ഇരമ്പല് പോലുണ്ട്. സരസേടത്തി അപ്പുറത്തെ സീറ്റിലുള്ള കദീജാത്തയുടെ അടുത്തേക്ക് പോയത്

സമാധാനമായി. ഉറക്കം വരുമെന്ന് തോന്നുന്നില്ല എന്നാലുമൊന്ന് കണ്ണടച്ചിരിക്കാം. ഇത്ര വേഗം ചിന്നുമോള് വയസ്സറിയിക്കുമെന്ന് വിചാരിച്ചതേയില്ല. ഒമ്പതാം ക്ലാസ്സിലെത്തിയപ്പഴല്ലേ തങ്കം വയസ്സറിയിച്ചത്. തങ്കം വയസ്സറിയിച്ചപ്പോഴേ വേറെയിരിക്കലിന് സുകുവേട്ടനിത്തിരി മുഷിച്ചിലായിരുന്നു. ഇപ്പോ പേരകുട്ടിയായയപ്പോഴേക്കും "പെൺകുട്ടികളായാൽ ഇതൊക്കെ സാധാരണയാണ്, ഒരു കോപ്രാട്ടിയും കാട്ടണ്ട " എന്ന സുകുവേട്ടന്റെ അഭിപ്രായത്തിന് തങ്കവും "അച്ഛൻ പറഞ്ഞത് ശരിയാണ് " എന്നേറ്റുപിടിച്ചു.
ഇത് കേട്ടപ്പോൾ ചിന്നുമോള് "ഒരു കന്നട സിനിമേല് ഞാൻ കണ്ടു ആദിവാസികളാണ്, അവര് പെൺകുട്ടികള് വയസ്സറിയിച്ചാല് വേറൊരു കുടിലുണ്ടാക്കീട്ട് അവിടെ പാർപ്പിക്കൂത്രെ. കാടിന്റെ നടുക്കില് ഒരു

പെൺകുട്ടി ഒറ്റക്കാ കുടിലില് കഴിഞ്ഞപ്പോൾ ആ കുട്ടിയെ പുലിപിടിച്ചു. സിനിമ കണ്ടിട്ട് എനിക്കും അമ്മയ്ക്കും സങ്കടായി.

"ഒരു കന്നടക്കാര് അമ്മയും മോളും വന്നിരിക്കുണ്ടു." താൻ ഈർഷ്യയോടെ പറയണത് കേട്ട് ഉടനെ വന്നു തങ്കത്തിന്റെ ചോദ്യം "ചിന്നു കാര്യായിട്ട് ഒരു കാര്യം പറഞ്ഞതല്ലേ. അമ്മേക്കീയിടെ എന്താപറ്റീത്? "

" എന്റെ ചിന്നൂനല്ലെങ്കിലും എല്ലാകാര്യത്തിലും വയസ്സിൽ കൂടുതലാ വിവരം." സുകുവേട്ടനിടയ്ക്ക് കയറി പറഞ്ഞതോണ്ട് ഒരു മുഷിപ്പ് രംഗം ഒഴിവായി. ഞാൻ വയസ്സറിയിച്ചത് വൃശ്ചികത്തിലാണെന്ന് ഓർമയുണ്ട്. വൃശ്ചികമാസായതോണ്ട് അയ്യപ്പൻമാരെ കാണാൻ പാടില്ലെന്നും പറഞ്ഞ് വെളുപ്പിന് മൂന്ന് മണിക്ക് കിഴക്കേ

കുളത്തിൽ കുളിച്ചു വരണം. ചൂട്ടും പിടിച്ചോണ്ട് അമ്മായിണ്ടാവും മുന്നില്. എല്ലാ മാസവും തീണ്ടാരിയായാലത്തെ സ്ഥിതിയോ, അവടെ തൊട്ടൂട, ഇവടെ തൊട്ടൂടാ എന്നൊക്കെപ്പറഞ്ഞ് അച്ഛമ്മ നടക്കും. പട്ടിക്ക് ഭക്ഷണം കൊടുക്കണെ പോലെ പ്ലേറ്റില്ക്ക് കഞ്ഞിയോ ചോറോ തരാ, ചോറില്ല, കഞ്ഞി തന്നെ. കിടക്കണെതോ ഒരു പായേല് ഇടനാഴികയുടെ മൂലക്ക്. നാലാം ദിവസം പായയും തുണികളുമായിട്ട് കിഴക്കേ കുളത്തില് പോയി മുങ്ങി വരണം. വെള്ളമില്ലാത്ത കാലത്താണെങ്കിലോ ചിറങ്കര കുളത്തില്, അവിടേം വെള്ളമില്ലെങ്കില് പുഴയില് പോണം. കല്യാണം കഴിഞ്ഞ് സുകുവേട്ടന്റെ വീട്ടിലെത്തിയതിന് ശേഷാണ് തീണ്ടാരിയാവുമ്പോഴത്തെ കോപ്രായത്തിൽ നിന്നും രക്ഷണ്ടായത്.

ഫോണിന്റെ ശബ്ദല്ലേ കേട്ടത്. വിജയം

ബാഗിൽ കൈയിട്ട് ഫോണെടുത്തു നോക്കി സരളയുടെ  ഫോണാണല്ലോ .
"വിജയേ നീ വിളിച്ചീരുന്നൂല്ലേ, ഞാനിപ്പഴാ കണ്ടത്."

"ചിന്നുമോള് വയസ്സറിയിച്ച വിവരം പറയാൻ വേണ്ടി വിളിച്ചതാ". വിജയം ശബ്ദമടക്കിപ്പിടിച്ചു പറഞ്ഞു.

"അതേയോ, ഇപ്പൊക്കെ കുട്ടികൾ എത്ര വേഗാ വയസ്സറിയിക്കണതല്ലേ, ഇന്ന് കൊപ്പത്ത് ഞങ്ങൾ പാലിയേറ്റുകാരുടെ സമ്മേളനമുണ്ട്. ഞാൻ വൈകുന്നേരം വരാം."

"ഞാൻ  വിളിച്ചത് ഇത്തിരി പൈസ ചോദിക്കാനും കൂടിയാണ്.മൂവായിരം ഉറുപ്പിക വേണം .നാളെ സുകുവേട്ടനെ തൃശ്ശൂർ കൊണ്ടു പോവേണ്ട ദിവസാ."

"എന്റെ കയ്യിലില്ലടീ , അനികുട്ടന്റെ

കയ്യിലുണ്ടാവും, അവന്റെ കയ്യീന്ന്
വാങ്ങീട്ട് വരാം ."

"ശരീന്നാ "

അവൾടെ അടുത്ത്
കഴിയേണ്ടതായിരുന്നു എന്റെ തങ്കം.
അനികുട്ടന് തങ്കത്തിനെ
ജീവനായിരുന്നു . പണിക്കൊന്നും
പോവാതെ രാഷ്ട്രീയോം പറഞ്ഞ്
വെറുതെ ചുറ്റിത്തിരിയണോന്  എന്ത്
ധൈര്യത്തിലാ പെണ്ണ് കൊടുക്കാന്ന്
പറഞ്ഞ്  സുകുവേട്ടൻ സമ്മതിച്ചില്ല.
ബാങ്കില് പ്യൂണായ രഘൂന്റെ ആലോചന
വന്നപ്പോൾ തങ്കത്തിന്റെയും മനസ്സ് മാറി.
എന്നിട്ടിപ്പോ എന്തായി, പാവം തങ്കം.

"അല്ല വിജയേ, നീ ഇറങ്ങണില്ലേ ബസ്സ്
പട്ടാമ്പീലെത്തി, " സരസേടത്തിയുടെ
ചോദ്യം കേട്ട് ഞെട്ടിയുണർന്നു  വിജയം.

സരസേടത്തിക്ക് മുഖം കൊടുക്കണ്ട, വേഗം പോവാം ക്ലാസ്സിലേക്ക്. സത്യഭാമ കഴിഞ്ഞ കൊല്ലം തുല്യതാ പരീക്ഷ എഴുതി പത്ത് പാസ്സായത് കണ്ടിട്ടാണ് പഠിക്കാൻ പുറപ്പെട്ടത്. പത്ത് പാസ്സായാല് അംഗനവാടിയില് ആയപണീന്ന് കയറ്റം കിട്ടുമെന്ന് ആരൊക്കെയോ പറയുകയും ചെയ്തു. റെയിൽവേ ഗേറ്റിൽ കുടുങ്ങിയതോണ്ട് നേരം വൈകീലോ ഈശ്വരാ. ഇന്ന് ലീവെടുത്താലോന്ന് വിചാരിച്ചതാ കഴിഞ്ഞ ആഴ്ചയും പനിയായിട്ട് ലീവെടുത്തു. പണ്ടത്തെ പോലെ മടിച്ചിയാണ് ഞാനെന്ന് രാജൻ മാഷ് വിചാരിച്ചാലോ എന്ന്  കരുതി പോന്നതാ. സ്കൂളിൽ നിന്നും റിട്ടയറായിട്ടും പഠിപ്പിക്കലും രാഷ്ട്രീയവും ഒക്കെയായി രാജൻ  മാഷിപ്പോഴും ഉഷാറന്നെ.

ആവൂ സമാധാനം ക്ലാസ്സ് തുടങ്ങിയിട്ടില്ല. എല്ലാവരും ലൈലയുടെ ബഞ്ചിന്

ചുറ്റിലുമുണ്ട് . പരദൂഷണം ലൈലാഎന്നാണ് അവളെ എല്ലാവരും വിളിക്കാറ്. ഇന്നാരെ കുറിച്ചാണാവോ അവള് കഥ പറയണത്.

"വിജയേ, ഞാനിന്നാള് സിദ്ധൻ മനോഹരൻ സ്വാമിയെ കാണാൻ അന്റെ നാട്ടില് പോയിരുന്നു . എന്റെ വീട് പണി തുടങ്ങിയിട്ട് നാലു കൊല്ലാവാറായി. ഓരോരോ തടസ്സങ്ങള് കാരണം നീണ്ടു നീണ്ട് പോവണതിന് പരിഹാരം കാണാൻ. "
ലൈലയുടെ വർത്തമാനം കേട്ട്, "മനോഹരൻ സ്വാമിയോ? അവനെന്നേ സിദ്ധനായത് ? മലക്ക് മാലയിടണ സമയത്ത് ഗുരുസ്വാമിയാണെന്ന് അറിയാം. നിന്നെ ആരോ പറ്റിച്ചതാ ലൈല. "ഭാസ്ക്കരൻ കളിയാക്കി പറഞ്ഞു.

"നീയെന്താ പറയണ്, അവടെത്ര

ആൾക്കാരാ വരണതെന്നറിയോ,
ദൂരേന്ന്  കാറിലാ ആൾക്കാര് വരണത്."
ലൈലയും  വിട്ടുകൊടുത്തില്ല.

"ഗുഡ്മോണിങ്ങ് " രാജൻമാഷ്
ക്ലാസ്സിലെത്തിയത്
അപ്പോഴാണെല്ലാവരും അറിഞ്ഞത്.
"എന്താ എല്ലാവരും ഒരു ചർച്ച "

രാജൻ മാഷിന്റെ
ചോദ്യത്തിനാരുമൊന്നും പറയാതെ
എല്ലാവരും അവരവരുടെ
സ്ഥലത്തിരുന്നു. മുഖത്ത് മുഴുവനും ഒരു
ഉറമ്പരിക്കണെത് പോലെ തോന്നി
വിജയത്തിന് . കുറച്ചധികം സ്വപ്നം
കണ്ടിട്ടുണ്ട് മനോഹരേട്ടനും ഞാനും.
ഏട്ടന്റൊപ്പം പഠിച്ചതാണ് മനോഹരേട്ടൻ.
സുകുവേട്ടന്റെ കല്യാണ ആലോചന
വന്നപ്പോൾ കെഞ്ചി പറഞ്ഞതാ നമുക്ക്
രണ്ടാൾക്കും കല്യാണം കഴിക്കാന്ന്.
ജാതകം തമ്മില് ചേർച്ചയായില്ലാ.

അമ്മക്കിഷ്ടല്ലാന്ന്  പറഞ്ഞ്  തന്നെ ഒഴിവാക്കി.അന്നൊക്കെ മനസ്സില് ഇരുട്ടുകയറി ജീവച്ഛവമായി കഴിയണ സമയത്ത് മനോഹരേട്ടനെയും അമ്മേയേയും പ്രാകാനായിരുന്നു  മനസ്സ് തുറന്നിരുന്നത്.

അച്ഛൻ മരിച്ചന്ന്  വീട്ടിൽ വന്നപ്പഴാ അറിഞ്ഞത് മനോഹരേട്ടനിതുവരെയും കല്യാണം കഴിച്ചിട്ടില്ലെന്ന്.

"വിജയേ അന്റെ കാര്യം കഷ്ടാ ഒരു ഭാഗത്ത് വയ്യാത്ത സുകു. ഒരേയൊരു പെണ്ണുള്ളത് ഭർത്താവില്ലാതെ വീട്ടിലും, അതിനുമൊരു പെങ്കുട്ടിയാണേനീം " എന്നൊക്കെയുള്ള കുത്തികുത്തിയുള്ള ചോദ്യങ്ങള് കേൾക്കാൻ വയ്യാത്തോണ്ട് നാട്ടില് പോവാറേയില്ല. വിശ്വസിക്കാനേ പറ്റുന്നില്ല മനോഹരേട്ടന്റെ സ്വാമി വേഷം. അയ്യപ്പൻ വിളക്കിന് വെളിച്ചപ്പാട് തുള്ളാൻ പോണ അച്ഛന്റെ ആളോളെ

പറ്റിക്കണ മന്ത്രവാദവും കാട്ടിക്കൂട്ടലും തീരെ പിടിക്കാത്ത,  ശീലിച്ചിട്ടില്ലാത്ത മനോഹരേട്ടൻ എപ്പഴാ സിദ്ധനായത്?

"വിജയം, ഏത് ലോകത്താ, ഹാജർ വിളിച്ചത് കേട്ടില്ലേ ?" രാജൻമാഷിന്റെ ശബ്ദം കേട്ട് ഞെട്ടിയെഴുന്നേറ്റ്  വിജയം "ഹാജർ സർ " പറഞ്ഞതും ക്ലാസ്സ് മൊത്തം ചിരി തുടങ്ങി.

"ഓളെപ്പഴും സ്വപ്നലോകത്താ മാഷെ " ലൈല കളിയാക്കി.
 "ശരി ശരി  സൈലൻസ് പ്ലീസ്, ഇന്നു ഞാൻ നിങ്ങൾക്കൊരു സ്ഥലത്തെക്കുറിച്ച് പറഞ്ഞു തരാം.".

വിജയത്തിന്റെ മനസ്സിലൂടെ പല ചിന്തകളും പായുന്നുണ്ടായിരുന്നെങ്കിലും, അതിനെയെല്ലാം മാറ്റിവച്ച് അവൾ മാഷിന്റെ വാക്കുകൾക്ക്  ശ്രദ്ധ

കൊടുത്തു. മാഷ് പറഞ്ഞു തുടങ്ങി. സൈബീരിയയിലെ യാക്കൂട്ടിയ എന്ന സ്ഥലത്തെക്കുറിച്ച് നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ? തുടർച്ചയായി ഒമ്പത് മാസം -71 ഡിഗ്രിയാണ് അവിടുത്തെ കാലാവസ്ഥ. അതായത് ഇന്ന് നമുക്കിവിടെ 31ഡിഗ്രി യാണെങ്കിൽ അവിടെ പൂജ്യം ഡിഗ്രിയിലും താഴെ. മരുഭൂമിയിൽ വെള്ളത്തിന് ക്ഷാമമുള്ളത് പോലെ ഈ പ്രദേശത്തും പൈപ്പെല്ലാം തണുത്തുറഞ്ഞ് വെള്ളം കിട്ടുകയെന്നത് വിഷമകരമാണ്. അതികഠിനമായ ശൈത്യത്തിൽ സ്ക്കൂളിലേക്ക് നടന്നുപോകുന്ന ഒരു കുട്ടിയുടെ ചിത്രം നിങ്ങൾ ആലോചിച്ച് നോക്കൂ.

പെട്ടെന്ന് ആരുടേയോ ഫോൺ റിംഗ് ചെയ്തു. ഫോണിന്റെ ശബ്ദം കേട്ടതും മാഷ് ദേഷ്യത്തോടെ "ഫോൺ

സൈലന്റില് വക്കണമെന്ന് ഞാൻ പറഞ്ഞിട്ടില്ലേ, ആരുടെ ഫോണാ അത്? " തന്റെ ബാഗിൽ നിന്നാണ്  ശബ്ദമെന്ന് വിജയം അറിയുന്നതപ്പോഴാണ് . ബാഗ് തുറന്ന് ഫോൺ നോക്കി തങ്കത്തിന്റെ ഫോണാണ്. രാജൻ മാഷിന്റെ ദേഷ്യഭാവം കണ്ടപ്പോൾ അവൾ ഫോൺ സ്വിച്ചോഫ് ചെയ്തു. പിന്നീട് മാഷ് പറയുന്നതൊന്നും വിജയത്തിന്റെ ചെവിയിലെത്തിയതേയില്ല.
രാജൻ മാഷ് പോയതും വിജയം ഫോണെടുത്തു തങ്കത്തിനെ വിളിച്ചു. റിങ്ങടിച്ചതല്ലാതെ അങ്ങേ തലക്കൽ ആരും ഫോണെടുത്തില്ല.
അടുത്ത പിരിയഡിൽ പത്മിനി ടീച്ചർ ക്ലാസ്സെടുക്കാൻ വരുന്നത് കണ്ടപ്പോൾ വിജയം ഫോൺ സ്വിച്ചോഫ് ചെയ്ത് ബാഗിനുള്ളിലിട്ടു.
" ഇന്ന് വായനദിനം ആണെന്ന് എത്ര പേർക്കറിയാം? ഞാനിന്ന് കെ.ആർ.മീരയുടെ ആരാച്ചാർ എന്ന

പുസ്തകത്തെ നിങ്ങൾക്ക് പരിചയപ്പെടുത്തി തരാം.ആരാച്ചറായ ചേതനാ മല്ലിക്കിന്റെ കഥയാണിത്."ടീച്ചർ പറയുന്നത് കേട്ടപ്പോൾ വിജയം ഒന്ന് ഞെട്ടി.തങ്കം ഇന്നാളൊരൂസം കൂടി പറഞ്ഞതല്ലോ ചേതനയെ പോലെ കൈയ്യിലൊരു കുരുക്കുമായിട്ട് ഞാൻ നടക്കാൻ തുടങ്ങിയിട്ട് കുറേകാലായെന്ന്. ശ്ശെ തങ്കത്തിനെ വിളിച്ച് കിട്ടാത്തപ്പോൾ സുകുവേട്ടന്റെ ഫോണിലേക്ക് വിളിക്കാമായിരുന്നു.

"വിജയേ അന്റെ തങ്കത്തിന് മംഗലാപുരത്ത്ന്ന് ഒരു കല്യാണാലോചനയുണ്ട് ബാങ്കിലെ പ്യൂണാ." എന്നും പറഞ്ഞ് ബ്രോക്കറ് വേലായുധേട്ടൻ വീട്ടില് പെണ്ണുകാണാൻ വന്നപ്പോൾ 'അഞ്ച്മൂല' എന്ന ഈ ഇട്ട വട്ടം മാത്രം കണ്ടു ജീവിച്ച തങ്കത്തിന് വേറൊരു നാട്ടില് ജീവിക്കാലോ എന്നായിരുന്നു ആദ്യം മനസ്സിൽ വന്ന

ചിന്ത. ചെക്കന്റെ സ്റ്റൈലും പത്രാസും കണ്ടപ്പോൾ തങ്കത്തിനാണേല് ചെക്കനെ പെട്ടെന്നങ്ങട്  ഇഷ്ടായി എടുപിടീന്ന് കല്യാണവും കഴിഞ്ഞു.

"അടുത്തവീട്ടിലെ ആളുകളുമായി മിണ്ടാറില്ല, അന്ധവിശ്വാസോം മന്ത്രവാദോം ഉള്ളവരാണ് രഘുവും അമ്മയും "  എന്ന് ഫോൺ വിളിക്കുമ്പോൾ പറയാറുണ്ടായിരുന്നെങ്കിലും അന്നത്ര കാര്യായിട്ട് തോന്നിയില്ല.
വീട്ടിലിടക്കിടെ ആരൊക്കെയോ വരും അവരുടെ കൂടെ രഘൂന്റെ അമ്മ പോയാല് മൂന്നോ നാലോ ദിവസം കഴിഞ്ഞേ തിരിച്ചു വരാറുള്ളൂ എന്നൊക്കെ പ്രസവത്തിന് കൂട്ടിക്കൊണ്ടു വന്നപ്പോൾ തങ്കം പറഞ്ഞത് കേട്ട് താനും സുകുവേട്ടനും ഞെട്ടി.
മംഗലാപുരത്ത് പ്രസവിക്കാമെന്ന്

രഘൂന്റെ അമ്മ നിർബന്ധം പിടിച്ചിട്ടും, താൻ തങ്കത്തിനെ പോയി കൊണ്ടുവന്നു. തങ്കം ചിന്നൂനെ പ്രസവിച്ചപ്പോൾ  ആശുപത്രിയിൽ വച്ചേ രഘൂന് ആൺകുഞ്ഞേ ഉണ്ടാവുകയുള്ളു ജാതകത്തിലുണ്ടെന്നും പറഞ്ഞ് രഘുവിന്റമ്മ  ബഹളം വച്ച് ഇറങ്ങിപോയി. ചിന്നൂന് രണ്ട് വയസ്സുവരെ രഘു തിരിഞ്ഞു നോക്കിയില്ല. അമ്മ മരിച്ചതിൽ പിന്നെ ഒറ്റക്കായപ്പോഴാണ് രഘു വീട്ടിൽ വന്ന് തങ്കത്തിനേം ചിന്നൂനേം കൂട്ടിക്കൊണ്ട് പോയത്. എന്റെ ഛായല്യ കുട്ടിക്ക്, ഇതാരടെയോടീന്ന് പറഞ്ഞ് കുടിച്ച് വന്ന് അടിയും ബഹളവും സഹിക്കാതായപ്പോളാണ്  തങ്കം ചിന്നൂനേം കൂട്ടി മംഗലാപുരത്ത്ന്ന് പോന്നത്. നാലു കൊല്ലായിട്ട് ഡൈവോഴ്സ് വേണമെന്ന്   തങ്കം ആവശ്യപ്പെട്ടിട്ടും രഘു ഒപ്പിടാൻ

കൂട്ടാക്കീട്ടില്ല ഇതുവരെ.

"വിജയേ ടീച്ചർ നോട്ട്ബുക്കെടുക്കാൻ പറഞ്ഞു, നീ എന്താ സ്വപ്നം കാണാ?" ഉദയത്തിന്റെ ചോദ്യം കേട്ട് വിജയമൊന്ന് ഞെട്ടി. ബാഗിൽ നിന്നും നോട്ട്ബുക്കെടുക്കുമ്പോൾ അവൾ പതുക്കെ ഫോൺ സ്വിച്ചോൺ ചെയ്തു. തങ്കത്തിന്റെയും സുകുവേട്ടന്റെയും മിസ്ഡ് കാൾ വന്നിട്ടുണ്ടല്ലോ, എന്തേ പറ്റീത്. ടീച്ചറോട് വിവരം പറഞ്ഞാലോ, വേണ്ട. ലൈലക്ക് കഥയുണ്ടാക്കാൻ അതുമതി. ടീച്ചറോട് മൂത്രമൊഴിക്കണമെന്ന് പറഞ്ഞ് ബാത്റൂമിൽ പോവാം. ടീച്ചറുടെ അടുത്ത് ചെന്നനുവാദം ചോദിച്ച് ബാത്ത്റൂമിൽ പോയി. അരയിൽ തിരുകിവച്ച ഫോണെടുത്തു തങ്കത്തിനെ വിളിച്ചു. ബെല്ലടിച്ചതല്ലാതെ ആരും ഫോണെടുത്തില്ല. വിജയം സുകുവേട്ടന്റെ ഫോണിലേക്ക് വിളിച്ചു.

ഫോൺ സ്വിച്ചോഫാണെന്ന മറുപടി വന്നു. കലങ്ങി മറിഞ്ഞ മനസ്സോടെ തിരികെ ക്ലാസ്സ് മുറിയിലെത്തിയപ്പോഴേക്കും പത്മിനിടീച്ചർ ക്ലാസ്സിലുണ്ടായിരുന്നില്ല.

വിജയത്തിനാകപ്പാടെ ഒരു വിമ്മിഷ്ടം തോന്നി. പെട്ടെന്ന് ഫോൺ റിംഗ് ചെയ്തു

"അമ്മ എവിടെയാ?"

"ക്ലാസ്സില് എന്തേ?"
"ഇവിടെ രഘുവേട്ടൻ വന്നിട്ടുണ്ട്."
"രഘുവോ? "പെട്ടെന്ന്  വിജയത്തിന്റെ നാവ് ആരോ പിടിച്ചു വലിച്ചതുപോലെയായി.പിന്നെ ഒരക്ഷരം പുറത്ത് വന്നില്ല. പരിസരബോധം വീണ്ടെടുത്ത്
"എപ്പഴാ രഘു വന്നത്?" പക്ഷെ തങ്കം ഫോൺ കട്ട് ചെയ്തിരുന്നു.

വയറിന് നല്ല സുഖമില്ലെന്ന് അടുത്തിരിക്കുന്ന ഉദയത്തിനോട് പറഞ്ഞ് വിജയം ക്ലാസ്സിൽ നിന്നുമിറങ്ങി. നടക്കുമ്പോൾ കാലുകൾക്ക് നീളക്കുറവുള്ള പോലെ തോന്നി വിജയത്തിന്. ഇക്കണ്ട കാലം തിരിഞ്ഞു നോക്കാത്ത രഘു എന്തിനിപ്പോൾ വന്നു. അവൾ ഫോണെടുത്തു സുകുവേട്ടനെ വിളിച്ചു. സ്വിച്ചോഫെന്ന മറുപടി കേട്ട് വിജയത്തിന് കരച്ചിൽ വന്നു. റെയിൽവേ ഗേറ്റിൽ കുടുങ്ങി ബസ്സവിടെ എത്താൻ വൈകിയാലോ എതിരെ വന്ന ഓട്ടോക്ക് കൈകാണിച്ചു കയറിയിരുന്നു. അപ്പോഴാണ് കയ്യിൽ പൈസയുണ്ടാവില്ലല്ലോ എന്നോർത്തത് . സാരല്ല്യ വീടെത്തിയിട്ട് സുകുവേട്ടന്റടുത്ത്ന്ന് വാങ്ങിച്ച് കൊടുക്കാം.

"എന്റെ മോൾടെ ഒപ്പാ ചേച്ചീടെ പേരക്കുട്ടി പഠിക്കണെത്, ഞാൻ

നിങ്ങൾടെ  വീട്ടില് വന്നിട്ടുണ്ട്. എന്നെ ഓർമയില്ലേ?"
"ഓർക്കണില്ല . " ഡ്രൈവർക്ക് അലസമട്ടിൽ ഉത്തരം പറഞ്ഞ് വിജയം സീറ്റിൽ കണ്ണടച്ചു കിടന്നു.

കണ്ണിന്റെ മുന്നിൽ രഘൂന്റെ മുഖം പാറി നടക്കണെത് പോലെ. അവനെന്തിനാവും വന്നിട്ടുണ്ടാവുക. ദുഷ്ടനൊരു പെണ്ണിന്റെ കൂടെ താമസിക്കാണ്, എന്നിട്ടെനിക്ക് ഡൈവോഴ്സും തരണില്ല രണ്ടു ദിവസം മുന്നേ തങ്കം പറഞ്ഞതേയുള്ളു. ഒരു പക്ഷെ ഡൈവോഴ്സിനെ പറ്റി സംസാരിക്കാനായിരിക്കും വന്നിട്ടുണ്ടാവുക. ഡൈവോഴ്സ് കിട്ടിയാല് തങ്കം രക്ഷപ്പെട്ടു. അനിക്കവളെ ഇഷ്ടമാണിപ്പോഴുമെന്ന് തങ്കം ഇന്നാള് പറയണുണ്ടാർന്നു. സുകുവേട്ടന്റെ മനസ്സിലാണെങ്കിലോ മകൾടെ ജീവിതം തുലച്ചത് താനാണെന്ന

നല്ല കുറ്റബോധവുമുണ്ട്.
കുറേക്കാലായിട്ട് തീ തിന്നല്ലേ ഓരോരുത്തരും. എല്ലാം ശരിയായാൽ മതിയായിരുന്നു. ഓരോന്നോർത്ത് വിജയമെപ്പോഴോ  മയങ്ങിപ്പോയി.

"ചേച്ചീ ചേച്ചീ ഇതെന്താ ആളു കൂടീട്ടുണ്ടല്ലോ വീട്ടില്" ഓട്ടോക്കാരന്റെ ശബ്ദം കേട്ട് ഞെട്ടിയുണർന്നു വിജയം. വാക്കുകൾ പുറത്ത് വരാതെ പരിഭ്രമിച്ചിരിക്കുമ്പോൾ ഓട്ടോക്കടുത്തേക്ക് ആരോ ഓടിവന്ന് പറഞ്ഞു "വിജയേ അന്റെ തങ്കം." ഓട്ടോയിൽ നിന്നിറങ്ങി ഓടുന്നതിനിടയിൽ  മുറ്റത്ത് ചോരയിൽ കുതിർന്ന രഘുവിന്റെ ശരീരം കണ്ട് വിജയമൊന്ന് ഞെട്ടി.
" ചിന്നൂനെ വലിച്ചിഴച്ച് കൊണ്ടു പോവാൻ  നോക്കീത്  തടയണതിനിടയിൽ രഘൂനെ കമ്പിപ്പാര കൊണ്ടടിച്ചു തങ്കം " ആരോ പറഞ്ഞത് വിജയത്തിന്റെ

ചെവിയിൽ ചുഴലിക്കാറ്റായി തുളച്ചു കയറി.

---------------------------------------------------------------------